## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *60

05.06.2018 ൽ മറുപടിക്ക്

### ഇൻകെലിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീമതി. സി. കെ. ആശ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഇൻകെൽ വഹിക്കുന്ന പങ്ക് വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തെ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇൻകെൽ അങ്കമാലിയിൽ 5 നിലകളിലായി 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾ പണിത് പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭങ്ങൾക്ക് ദീർഘ കാല പാട്ടത്തിന് നൽകിയിട്ടുണ്ട്. കൂടാതെ പുതിയ സംരംഭകരെ ഉദ്ദേശിച്ച് 8 ലക്ഷത്തോളം ചതുരശ്ര അടി വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികളും ഇൻകെൽ സ്വീകരിച്ചുവരുന്നു.<br><br>മലപ്പുറത്ത് വ്യവസായ സംരംഭങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് ഒരു എഡ്യുസിറ്റി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ വല്ലാർപ്പാടത്ത് ഇന്റർനാഷണൽ ട്രാൻഷിപ്പ്മെന്റ് ടെർമിനലിനു സമീപം ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നതിൽവച്ച് ഏറ്റവും വലിയ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനാണിത്. |
| (ബി) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, | (ബി) | ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കിഫ്ബിയുടെ ധനസഹായത്തോടെ പത്തോളം |

| | | | |
|---|---|---|---|
| | മാനേജ്മെന്റ് കൺസൽട്ടൻസി എന്നീ രംഗങ്ങളിൽ ഇൻകെൽ ഏതൊക്കെ തരത്തിലാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കുമോ ; | | ആശുപത്രികളുടെ നിർമ്മാണപ്രവർത്തനത്തിനും നവീകരണത്തിനും വേണ്ടിയുള്ള SPV (പ്രത്യേക ഉദ്ദേശ കമ്പനി) ആയി ഇൻകെൽ പ്രവർത്തിക്കുന്നുണ്ട്. SPV എന്ന നിലയിൽ ആശുപത്രി കെട്ടിടങ്ങളുടെ ഡിസൈനിംഗ്, പ്ലാനിംഗ് എസ്റ്റിമേഷൻ , ഡി. പി. ആർ തയ്യാറാക്കൽ, ടെൻഡറിംഗ്, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം തുടങ്ങിയ വിവിധ മേഖലകളിൽ ഇൻകെൽ പ്രവർത്തിക്കുന്നു. |
| (സി) | ഇൻകെലിന്റെ വ്യവസായ പാർക്കുകൾ എവിടെയൊക്കെയാണ് ; അവിടങ്ങളിൽ നടക്കുന്ന ചെറുകിട വ്യവസായ പുരോഗതിയുടെ ഒരു വിവരണം ലഭ്യമാക്കുമോ ; | (സി) | അങ്കമാലിയിലെ ബിസിനസ്സ് പാർക്ക്, മലപ്പുറത്തെ എഡ്യൂസിറ്റി എന്നിവയാണ് ഇൻകെലിന്റെ വ്യവസായ പാർക്കുകൾ.<br>**അങ്കമാലിയിലെ ബിസിനസ്സ് പാർക്കിൽ** 5 നിലകളിലുള്ള രണ്ട് കെട്ടിടങ്ങളിലായി പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭങ്ങൾക്ക് ദീർഘകാല പാട്ടത്തിന് നൽകിയിട്ടുണ്ട്. കൂടാതെ 5 ലക്ഷം ചതുരശ്ര അടി സ്ഥലത്ത് 9 വ്യവസായ സംരംഭങ്ങളും 4 നൈപുണ്യ വികസന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.<br>**മലപ്പുറത്തെ എഡ്യൂസിറ്റി**യിൽ 5 വിദ്യാഭ്യാസ സ്ഥാപനങ്ങളും, ചെരുപ്പനിർമ്മാണം, കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റ്, ജ്യുവല്ലറി, ഫർണിച്ചർ നിർമ്മാണം തുടങ്ങി 22 ഓളം വ്യവസായ സംരംഭങ്ങളും പ്രവർത്തിക്കുന്നു.<br>ഈ രണ്ട് പാർക്കുകളിലും പുതിയ വ്യവസായ സംരംഭകർക്ക് അവരുടെ ആവശ്യാനുസരണം സ്ഥലമോ കെട്ടിടഭാഗമോ നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |
| (ഡി) | റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഇൻകെൽ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ ? | (ഡി) | കേരള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി (RICK)യുടെ കീഴിൽ കോട്ടയത്തും തിരുവനന്തപുരത്തുമായി 58 കി.മീ. ദൈർഘ്യമുള്ള രണ്ട് റോഡുകളുടെ നവീകരണം Annuity പദ്ധതിയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കി. കൂടാതെ പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | | | വകുപ്പിന്റേയും റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന്റേയും കീഴിൽ 5 പാലങ്ങളുടെ പണിയും സമയബന്ധിതമായി പുരോഗമിച്ചു വരുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ.**